ഉത്തരം

(എ)

	1973–74		1977–78	
കരിമ്പ്	51345	മെ: ടൺ	40987	മെ: ടൺ
ഇഞ്ചി	26683	''	29033	''
മഞ്ഞൾ	4586	''	2247	''
കുരുമുളക്	27745	''	30776	''
നാളികേരം	3703	മില്യൻനട്ട്	3367	മില്യൻനട്ട്
അടയ്ക്ക	13459	മെ: ടൺ	1345	മെ: ടൺ
മരച്ചീനി	5659523	''	5114042	''
ഏലം	1502	''	1420	''
കാപ്പി	15459	''	27645	''
തേയില	48358	''	51983	''
റബ്ബർ	118016	''	139349	''

(ബി)

1973.74	1257069	മെ: ടൺ
1977.78	1294635	''

ഒരുപ്പു നിലം ഇരുപ്പുവാക്കുന്നതിനുള്ള കല്ലട സ്കീം

793. [1167] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പടിഞ്ഞാറെ കല്ലടയിലെ 900 ഏക്കർ ഒരുപ്പു നിലം ഇരുപ്പു നിലമാക്കുന്നതിനുള്ള 'വെസ്റ്റ് കല്ലട സ്കീ'മിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം വ്യക്തമാക്കുമോ;

(സി) അടുത്ത സാമ്പത്തിക വർഷം ഈ സ്കീമിന്റെ പണി ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ആദ്യമായി ഈ സ്കീമിന് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ ചില സാങ്കേതിക കാര്യങ്ങൾ കൂടുതലായി പരിശോധിക്കേണ്ടി വന്നു. ആയതിന് മറൊരു ഡീറെയിൽഡ് ഇൻവെസ്റ്റിഗേഷൻ (detailed investigation) വേണ്ടി വരുകയും അതിൻപടി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരികയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത സാമ്പത്തിക വർഷത്തിൽ ഈ സ്കീം ആരംഭിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

തൊടിയൂർ വട്ടക്കായൽ കൃഷി സ്ഥലങ്ങളുടെ വികസനം

794. [1168] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തൊടിയൂർ വട്ടക്കായൽ കൃഷി സ്ഥലങ്ങളുടെ വികസനം സംബന്ധിച്ച് 8-4-1978-ൽ ഒരു നിവേദനം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള അനന്തര നടപടികൾ എന്തായി എന്നു വ്യക്തമാക്കുമോ;

(സി) അടുത്ത സാമ്പത്തിക വർഷം ഇതിൻെറ പണി തുടങ്ങുമെന്ന് പ്രതീക്ഷിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയറുമായി ആലോചിച്ച് മേൽപറഞ്ഞ നിവേദനവും അതിൽ പരാമർശിച്ചിരിക്കുന്ന സ്കീമും പരിശോധിച്ചതിൽ ടി സ്കീം സാമ്പത്തികമായി അപ്രായോഗികമാകയാൽ നടപ്പിൽ വരുത്താൻ എളുപ്പമല്ല എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

(സി) സാദ്ധ്യതയില്ല.

''മണ്ണൊലിപ്പു നിവാരണ പദ്ധതി''

795. [1171] ശ്രീ. ജോർജ് മാത്യു:

ശ്രീ. എം. വി. മാണി:

ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978 . 79 സാമ്പത്തിക വർഷം മണ്ണൊലിപ്പു നിവാരണ പദ്ധതി പ്രകാരം ഇന്നു വരെ എന്തു തുക ചെലവായി;

(ബി) ഈ കാലഘട്ടത്തിൽ എത്ര ഹെക്ടർ സ്ഥലത്തു മണ്ണൊലിപ്പു നിവാരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി;

(സി) ഈ സാമ്പത്തിക വർഷം മണ്ണൊലിപ്പു സംരക്ഷണ പദ്ധതി പ്രകാരം എത്ര തൊഴിലവസരങ്ങൾ ഉണ്ടായി;

(ഡി) മണ്ണൊലിപ്പു സംരക്ഷണ പദ്ധതിക്കു ലോക ബാങ്കിൻെറ സഹായം ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതു ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly